**GE-DA2/177/2025-G.EDN**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീ.ശിവദാസൻ. ആർ, റിട്ട. പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ചാലിശ്ശേരി, പാലക്കാട് - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.10347/2025/GEDN തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. 29.04.2015 ലെ സ.ഉ(സാധാ) നം 1617/2015/പൊവിവ
2. 30/10/2025 ലെ സ.ഉ(സാധാ) നം 5098/2015/പൊവിവ
3. 25/01/2020 ലെ സ.ഉ(സാധാ) നം 496/2020/പൊവിവ
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/10/2025 ലെ HSE/568/2025-Ad D1 നം കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ GVHSS അത്തോളിയിലെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ആർ.ശിവദാസൻ, ടിയാൻ ചീഫ് സൂപ്രണ്ട് ആയ 23.03.2015 മുതൽ 26.03.2015 വരെയുള്ള ഹയർസെക്കന്ററി പരീക്ഷാ ഡ്യൂട്ടിയ്ക്ക് ഹാജരാകാത്തതിനാൽ ടിയാനെ അച്ചടക്കനടപടിയുടെ ഭാഗമായി പരാമർശം (1) പ്രകാരം സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. ഇതിനിടയിൽ ടിയാനെ പരാമർശം (2) പ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലപ്രാബല്യമില്ലാതെ തടഞ്ഞു വെച്ചു കൊണ്ടുള്ള ശിക്ഷ നല്കി ടിയായെതിരെയുള്ള അച്ചടക്കനടപടി പരാമർശം (3) പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നു.

2. ടിയാന്റെ 29/04/2015 മുതൽ 29/10/2015 വരെയുള്ള സസ്പെൻഷൻ കാലയളവ് KSR Part I Rule 56 (5) പ്രകാരം ഡ്യൂട്ടി ആയി (For the limited purpose of Pension) കണക്കാക്കി, ടി കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും KSR Part I Rule 55 പ്രകാരം സസ്പെൻഷൻ കാലയളവിൽ ടിയാൻ കൈപ്പറ്റിയിട്ടുള്ള ഉപജീവന ബത്തയിൽ നിജപ്പെടുത്തുന്നതിനും ടിയാൻ ജോലിയിൽ പ്രവേശിക്കാനെടുത്ത 30/10/2015 മുതൽ 15/11/2015 വരെയുള്ള കാലയളവ് അർഹമായപ്രവേശന കാലമായോ അർഹമായതും

അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ആർ. ശിവദാസൻ, Rtd. പ്രിൻസിപ്പാളിന്റെ 29-04-2015 മുതൽ 29-10-2015 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 30-10-2015 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56B(9)Note-2 പ്രകാരം പ്രവേശന കാലമായോ {KSRs Part I Rule-127 പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6 ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം} (apportioned second) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
2. ശ്രീ.ആർ ശിവദാസൻ, റിട്ട.പ്രിൻസിപ്പൽ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3.ധനകാര്യവകുപ്പ് (02.12.2025 ലെ U.O (R) നം. E.3326519/EDN-B1/460/2025-FIN പ്രകാരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
6. വെബ് (കൈറ്റ്സ്/ന്യൂ മീഡിയ)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 19-12-2025 14:57:13

പകർപ്പ്

1. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.